## കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി

**തിരുവനന്തപുരം**

# ഏഴാംതരം തുല്യതാ കോഴ്സ്

## (പത്തൊൻപതാം ബാച്ച്)

# പ്രോസ്പെക്ടസ് & കോഴ്സ് കലണ്ടർ

# 2025-26

**തദ്ദേശസ്വയംഭരണ വകുപ്പ്**

**പൊതുവിദ്യാഭ്യാസ വകുപ്പ്**

**കേരള സർക്കാർ**

# ആമുഖം

കേരളസർക്കാർ തദ്ദേശസ്വയംഭരണവകുപ്പിനു കീഴിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ അക്കാദമിക ചുമതലയോടെ പ്രവർത്തിക്കുന്ന ഒരു സ്വയംഭരണ സ്ഥാപനമാണ് സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി. സംസ്ഥാന സാക്ഷരതാമിഷൻ നടത്തിവരുന്ന ബഹുമുഖ തുടർവിദ്യാഭ്യാസ പ്രവർത്ത നങ്ങളിൽ ശ്രദ്ധേയമാണ് ഏഴാംതരം തുല്യതാ കോഴ്സ്. ഔപചാരിക വിദ്യാഭ്യാസം യഥാസമയം പൂർത്തിയാക്കാൻ കഴിയാതെ പോയവർക്കു വേണ്ടി സാക്ഷരതാമിഷൻ നടത്തുന്നതാണ് ഈ തുടർവിദ്യാഭ്യാസ പരിപാടി. തുല്യതാപരിപാടിയിലൂടെ ഒരു വ്യക്തിയുടെ അറിവ് (Knowledge), കഴിവുകൾ (Abilities), ധാരണകൾ (Concepts), നൈപുണികൾ (Skills) തുടങ്ങിയവയുടെ വികാസം ലക്ഷ്യം വയ്ക്കുന്നു. സമ്പർക്കപഠന ക്ലാസുകൾ ചിട്ടപ്പെടുത്തി സമയബന്ധിതമായി, പഠിതാക്കൾക്ക് പ്രയോജനകരമായ രീതിയിൽ സംഘടിപ്പിക്കാനാണ് സമ്പർക്ക പഠനദിനങ്ങൾ, ക്ലാസ്, പരീക്ഷകൾ എന്നിവയുടെ സമയക്രമം ഉൾപ്പെടുത്തി ഈ പ്രോസ്പെക്ടസും കോഴ്സ് കലണ്ടറും പ്രസിദ്ധപ്പെടു ത്തുന്നത്. കോഴ്സിന്റെ വിജയകരമായ നടത്തിപ്പിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സന്നദ്ധസംഘടനകളും വിദ്യാഭ്യാസപ്രവർത്തകരും സഹകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

തിരുവനന്തപുരം

**ഒലീന എ ജി**
ഡയറക്ടർ

# ഏഴാംതരം തുല്യതാ കോഴ്സ്
# പത്തൊൻപതാം ബാച്ച് (2025)

## പ്രോസ്പെക്ടസ്

### കോഴ്സിന്റെ കാലയളവ്

എട്ടുമാസം

### പാഠ്യപദ്ധതി

എസ്. സി. ഇ. ആർ. ടി.യുടെ അക്കാദമിക നേതൃത്വത്തിൽ ഔപചാരിക-അനൗപചാരിക വിദ്യാഭ്യാസ വിദഗ്ധരുടെ സജീവ പങ്കാളിത്തത്തോടെയാണ് കോഴ്സിന്റെ പാഠപുസ്തകങ്ങൾ തയാറാക്കിയിട്ടുള്ളത്. പഠനത്തിനായി ഉൾപ്പെടുത്തിയിരിക്കുന്ന വിഷയങ്ങൾ, മാർക്ക് എന്നിവ താഴെ പറയുന്ന രീതിയിലാണ്.

| വിഷയം | | ആകെ മാർക്ക് | വിജയിക്കാൻ വേണ്ട മിനിമം മാർക്ക് |
|---|---|---|---|
| മലയാളം | | 100 | 30 |
| ഇംഗ്ലീഷ് | | 50 | 15 |
| ഹിന്ദി | (എഴുത്തുപരീക്ഷ) | 40 | 15 |
| | (നിരന്തരമൂല്യനിർണയം) | 10 | |
| സോഷ്യൽ സയൻസ് | | 100 | 30 |
| ജനറൽ സയൻസ് | | 100 | 30 |
| ഗണിതം | | 100 | 30 |

### കോഴ്സിൽ ചേരാൻ യോഗ്യരായവർ

1) നാലാംതരം തുല്യത വിജയികൾ
2) ഔപചാരിക നാലാംക്ലാസ് വിജയിച്ചവർ
3) അഞ്ച്, ആറ്, ഏഴ് ക്ലാസുകളിൽനിന്ന് കൊഴിഞ്ഞുപോയവർ
4) രജിസ്ട്രേഷൻ സമയത്ത് 15 വയസ്സ് പൂർത്തിയായവർ.
5) 15 വയസ്സിന് താഴെ ശാരീരിക-മാനസിക സവിശേഷതയുള്ളവർ.

## ലക്ഷ്യം

1. ജീവിതരംഗങ്ങളിൽ വിജയിക്കാനാവശ്യമായ അറിവുകളും ശേഷികളും ആർജിക്കാൻ പ്രാപ്തരാകുക.
2. അനുദിനം മാറിക്കൊണ്ടിരിക്കുന്ന ചുറ്റുപാടുകളെയും ലോകത്തെയും മനസ്സിലാക്കാനും ജനാധിപത്യ മൂല്യങ്ങൾ പരിപോഷിപ്പിക്കാനും കഴിവ് നേടുക.
3. മെച്ചപ്പെട്ട ജീവിതം കെട്ടിപ്പടുക്കാനാവശ്യമായ ഭാഷ, ഗണിതശാസ്ത്രം, സാമൂഹിക ശേഷികൾ തുടങ്ങിയവ ആർജിക്കുക.

## അപേക്ഷിക്കേണ്ട രീതി

അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. (kslma.keltron.in). ജില്ലാ സാക്ഷരതാമിഷൻ ഓഫീസുകളുടെ വിലാസവും ഫോൺ നമ്പരും അനുബന്ധമായി ചേർത്തിട്ടുണ്ട്.

## തുടർ/വികസനവിദ്യാകേന്ദ്രം പ്രേരക്മാർക്കുള്ള പൊതുനിർദേശങ്ങൾ

1. ജനനത്തീയതി തെളിയിക്കുന്നതിന്, പഠിച്ചിരുന്ന വിദ്യാലയത്തിലെ അഡ്മിഷൻ രജിസ്റ്റർ/ടി.സി./ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് ലഭിക്കുന്ന ജനനസർട്ടിഫിക്കറ്റ്/സർക്കാർ റവന്യൂ വകുപ്പ് നൽകുന്ന മതിയായ രേഖകൾ എന്നിവയിൽ ഏതെങ്കിലും ഒന്നിന്റെ പകർപ്പ് ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത് ഹാജരാക്കേണ്ടതാണ്.
2. വിദ്യാഭ്യാസയോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കേണ്ടതാണ്.
3. പഠനകേന്ദ്രങ്ങൾ പഠിതാക്കൾക്ക് സൗകര്യപ്രദമായിട്ടായിരിക്കണം തെരഞ്ഞെടുക്കേണ്ടത്.
4. പഠിതാക്കളുടെ സൗകര്യാർഥം വൈകുന്നേരങ്ങളിലോ അവധി ദിവസങ്ങളിലോ ക്ലാസുകൾ നടത്തേണ്ടതാണ്.
5. ആഴ്ചയിൽ 5 ദിവസം, 2 മണിക്കൂർ വീതമാണ് ക്ലാസുകൾ ക്രമീകരിക്കേണ്ടത്.
6. കോഴ്സ് കലണ്ടർ പ്രകാരം ടൈംടേബിൾ തയ്യാറാക്കി പഠിതാക്കൾക്ക് നൽകേണ്ടതാണ്.
7. പഠനകേന്ദ്രങ്ങളിലെ ക്ലാസുകൾ കോഴ്സ് കലണ്ടർ അനുസരിച്ച് ക്ലാസുകൾ കൃത്യമായി നടക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

8. ഏതെങ്കിലും കാരണത്താൽ ക്ലാസിന് അവധി നൽകേണ്ടിവന്നാൽ പ്രസ്തുത വിവരം നിർബന്ധമായും ജില്ലാ കോ-ഓർഡിനേറ്ററെ രേഖാമൂലം മുൻകൂട്ടി അറിയിക്കേണ്ടതാണ്.
9. പാഠഭാഗങ്ങൾ/യൂണിറ്റുകൾ പൂർത്തിയാകുന്ന ക്രമത്തിൽ ക്ലാസ് ടെസ്റ്റുകൾ നടത്തി റിപ്പോർട്ട് ജില്ലാഓഫീസിൽ സമർപ്പിക്കേണ്ടതാണ്.
10. അധ്യാപകരുടെ പഠന-ബോധന പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ അധ്യാപക സംഗമം വിഷയാടിസ്ഥാനത്തിൽ സംഘടിപ്പിക്കേണ്ടതാണ്.
11. മാതൃകാ പരീക്ഷയ്ക്ക് ആവശ്യമായ ചോദ്യപേപ്പർ സംസ്ഥാന ഓഫീസിൽ നിന്ന് തയാറാക്കി നൽകുന്നതാണ്.
12. പഠനകേന്ദ്രം സന്ദർശിക്കുന്നവരുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്തുന്നതിന് സന്ദർശക ഡയറി കേന്ദ്രത്തിൽ തന്നെ സൂക്ഷിക്കേണ്ടതാണ്.
13. കോഴ്സ് നടത്തിപ്പുമായി ബന്ധപ്പെട്ട് സംസ്ഥാന സാക്ഷരതാമിഷൻ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദേശങ്ങൾ പഠിതാക്കളെയും അധ്യാപകരെയും യഥാസമയം അറിയിക്കേണ്ടതാണ്.
14. ക്ലാസ് നടത്തിപ്പിന്റെ മുഴുവൻ ചുമതലയും ഉത്തരവാദിത്തവും അതത് കേന്ദ്രങ്ങളിലെ പ്രേരക്മാർക്കായിരിക്കും.
15. കോഴ്സ് പൂർത്തിയാകുന്ന ക്രമത്തിൽ സംസ്ഥാന സാക്ഷരതാമിഷന്റെ നേതൃത്വത്തിൽ പൊതുപരീക്ഷ നടത്തി വിജയികൾക്ക് സർട്ടിഫിക്കറ്റ് നൽകുന്നതാണ്.
16. പൊതുപരീക്ഷയ്ക്ക് പരാജയപ്പെടുന്ന പഠിതാക്കൾക്ക് പരാജയപ്പെട്ട ഓരോ വിഷയത്തിനും 50/- രൂപ ഫീസടച്ച് അടുത്ത അധ്യയന വർഷത്തെ പൊതുപരീക്ഷാസമയത്ത് എഴുതാവുന്നതാണ്.

**അധ്യാപകർ**

1. പരിചയസമ്പന്നരായ അധ്യാപകരുടെ സേവനം പരമാവധി ഉപയോഗിക്കേണ്ടതാണ്.
2. പരിശീലനം നേടിയ അധ്യാപകരായിരിക്കണം ക്ലാസുകൾക്ക് നേതൃത്വം നൽകേണ്ടത്. സമ്പർക്കപഠന ക്ലാസിലെ അധ്യാപകരുടെ അടിസ്ഥാന യോഗ്യത ടി.ടി.സി./ഡി.എഡ് ആണ്.

   തെരഞ്ഞെടുക്കുന്ന അധ്യാപകർക്ക് അധ്യയനവർഷം ഓരോ വിഷയത്തിനും 4000/- രൂപ ക്രമത്തിൽ ഓണറേറിയം അനുവദിക്കുന്നതാണ്.

   ടി അധ്യാപകരുടെ ലിസ്റ്റ് ജില്ലാ ഓഫീസുകളിൽ സൂക്ഷിക്കേണ്ടതാണ്.

3. പഠിതാക്കളുടെ പഠനതാൽപ്പര്യത്തെ പ്രോത്സാഹിപ്പിക്കുന്നതിനും സഹായിക്കുന്നതിനുമുള്ള മനോഭാവം ഉള്ളവരായിരിക്കണം തെരഞ്ഞെടുക്കപ്പെടുന്ന അധ്യാപകർ.
4. പഠിതാക്കൾക്ക് സ്വയം പഠനത്തിനാവശ്യമായ പഠനപ്രവർത്തനങ്ങൾ അധ്യാപകർ നൽകേണ്ടതാണ്.
5. അധ്യാപകരുടെ ലിസ്റ്റ് ജില്ലാ ഓഫീസിൽ എത്തിക്കേണ്ടതാണ്.

## അപേക്ഷകൾ നിരസിക്കപ്പെടാവുന്ന സാഹചര്യങ്ങൾ

1. അപേക്ഷ അവ്യക്തവും അപൂർണവുമായാൽ
2. ജനനത്തീയതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സമർപ്പിക്കാതിരുന്നാൽ.
3. വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സമർപ്പിക്കാതിരുന്നാൽ.

## പഠനസാമഗ്രികൾ

സംസ്ഥാന സാക്ഷരതാമിഷന്റെ ജില്ലാ ഓഫീസുകളിൽ നിന്ന് പാഠപുസ്തകങ്ങൾ, അധ്യാപക സഹായികൾ എന്നിവ കോഴ്സ് ആരംഭിക്കുമ്പോൾ വിതരണം ചെയ്യുന്നതാണ്. പഠിതാക്കൾക്ക് പാഠപുസ്തകം സൗജന്യമായി നൽകാവുന്നതാണ്. എന്നാൽ, പ്രോജക്ടിൽ ഉൾപ്പെടുത്തുന്ന പഠിതാക്കൾക്ക് നൽകുന്ന പാഠപുസ്തകങ്ങളുടെ വില ലഭ്യമാക്കേണ്ടതാണ്.

## പൊതുപരീക്ഷ

ജില്ലാ ഓഫീസിൽനിന്നും നൽകുന്ന രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്ന പഠിതാക്കൾക്ക് മാത്രമേ കോഴ്സിന്റെ പൊതുപരീക്ഷയിൽ പങ്കെടുക്കാൻ അർഹതയുള്ളൂ. പരീക്ഷാസമയത്ത് പഠിതാക്കൾ വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം പരീക്ഷ എഴുതാൻ പ്രത്യേക അപേക്ഷ നൽകേണ്ടതാണ്.  ടി അപേക്ഷ ജില്ലാ സാക്ഷരതാമിഷൻ ഓഫീസുകളിൽനിന്ന് ലഭ്യമാകും.

# ഏഴാംതരം തുല്യതാ കോഴ്സ് കലണ്ടർ 2025

| | 2025 ജൂൺ | ജൂലൈ | ആഗസ്റ്റ് | സെപ്റ്റംബർ | ഒക്ടോബർ | നവംബർ | ഡിസംബർ | ജനുവരി | 2026 ഫെബ്രുവരി |
|---|---|---|---|---|---|---|---|---|---|
| മലയാളം | യൂണിറ്റ് 1 നാടും ജീവിതവും | യൂണിറ്റ് 2 ഭാഷയും ഭാവനയും | യൂണിറ്റ് 3 കാഴ്ചയും അരങ്ങും | യൂണിറ്റ് 4 ജീവനം അതിജീവനം | യൂണിറ്റ് 5 പ്രകൃതിയും മനുഷ്യനും | ആവർത്തനം | ആവർത്തനം | 15 വരെ ആവർത്തനം<br>മാതൃകാപരീക്ഷ | പൊതുപരീക്ഷ, ഫലപ്രഖ്യാപനം, സർട്ടിഫിക്കറ്റ് വിതരണം |
| ഇംഗ്ലീഷ് | Unit 1 | Unit 2 | Unit 2<br>Unit 3 | Unit 3 | Unit 4 | Unit 5 | ആവർത്തനം | | |
| ഹിന്ദി | हरा-भरा जीवन | हरा-भरा नया धर | नया धर | प्रदीष केरल में | प्रदीष केरल में | कुमारी की चित्र-प्रदर्शनी | ആവർത്തനം | | |
| സാമൂഹ്യ ശാസ്ത്രം | 1. കേരളത്തിലൂടെ | 2. കേരളം ഇന്നലെ ഇന്ന് | 3. ഇന്ത്യ എന്റെ രാജ്യം | 4. സ്വാതന്ത്ര്യ ലേക്ക്<br>5. അധികാരം ജനങ്ങളിലേക്ക് | 5. അധികാരം ജനങ്ങളിലേക്ക്<br>6. ഒപ്പത്തിനൊപ്പം | 6. ഒപ്പത്തിനൊപ്പം<br>7. മനുഷ്യന്റെ കൈകൾ | 7. മനുഷ്യന്റെ കൈകൾ<br>8. കുടുംബം | | |
| അടിസ്ഥാന ശാസ്ത്രം | 1. ഹരിത കേരളം<br>2. നമ്മുടെ ആരോഗ്യം | 2. നമ്മുടെ ആരോഗ്യം<br>3. പ്രകൃതിയിലെ പരസ്പരാശ്രയത്വം | 3. പ്രകൃതിയിലെ പരസ്പരാശ്രയത്വം<br>4. ജീവജാലം | 4. ജീവജാലം<br>5. ഊർജ്ജത്തിന്റെ ഉറവിടം | 5. ഊർജ്ജത്തിന്റെ ഉറവിടം<br>6. പ്രപഞ്ച വിസ്മയം | 7. ശാസ്ത്രം നിത്യ ജീവിതത്തിൽ | 8. ആശ്വാസ മേകാം | | |
| ഗണിതം | 1. സംഖ്യകൾ | 2. ശരാശരി<br>3. മുഴുവനും ഭാഗവും | 3. മുഴുവനും ഭാഗവും<br>4. ദശാംശ സംഖ്യകൾ | 5. നൂറിലെത്ര<br>6. പണവിനിമയം | 7. അംശബന്ധം<br>8. വിരിവിന്റെ അളവുകൾ | 9. രൂപങ്ങളും അളവുകളും | 10. അക്ഷര ഗണിതം | | |

**അനുബന്ധം**

## ജില്ലാ സാക്ഷരതാമിഷൻ ഓഫീസുകൾ

1. തിരുവനന്തപുരം : ജില്ലാ സാക്ഷരതാമിഷൻ, ജില്ലാ പഞ്ചായത്ത് ഓഫീസ്, പട്ടം.പി.ഒ, തിരുവനന്തപുരം-4. ഫോൺ : 0471-2556740
2. കൊല്ലം : ജില്ലാ സാക്ഷരതാമിഷൻ, ജില്ലാ പഞ്ചായത്ത് ഓഫീസ് തേവള്ളി. പി.ഒ, കൊല്ലം-9 ഫോൺ : 0474-2798020
3. പത്തനംതിട്ട : ജില്ലാ സാക്ഷരതാമിഷൻ, സിവിൽ സ്റ്റേഷൻ പത്തനംതിട്ട. ഫോൺ : 0468-2220799
4. ആലപ്പുഴ : ജില്ലാ സാക്ഷരതാമിഷൻ, ജില്ലാ പഞ്ചായത്ത് ഓഫീസ് ആലപ്പുഴ. ഫോൺ : 0477-2252095
5. കോട്ടയം : ജില്ലാ സാക്ഷരതാമിഷൻ, വയസ്കരക്കുന്ന്, കോട്ടയം-686 001. ഫോൺ : 0481-2302055
6. ഇടുക്കി : ജില്ലാ സാക്ഷരതാമിഷൻ, ജില്ലാ പഞ്ചായത്ത്, കുയിലിമല, പൈനാവ്.പി.ഒ, ഇടുക്കി-685 603. ഫോൺ : 0486-2232294
7. എറണാകുളം : ജില്ലാ സാക്ഷരതാമിഷൻ, സിവിൽ സ്റ്റേഷൻ, കാക്കനാട്, എറണാകുളം-682 030. ഫോൺ : 0484-2426596
8. തൃശ്ശൂർ : ജില്ലാ സാക്ഷരതാമിഷൻ, ജില്ലാ പഞ്ചായത്ത് ഓഫീസ്, അയ്യന്തോൾ, തൃശ്ശൂർ-3, ഫോൺ : 04874-235024
9. പാലക്കാട് : ജില്ലാ സാക്ഷരതാമിഷൻ, ജില്ലാ പഞ്ചായത്ത് ഓഫീസ്, പാലക്കാട്-678 001. ഫോൺ : 0491-2505179
10. മലപ്പുറം : ജില്ലാ സാക്ഷരതാമിഷൻ, ജില്ലാ പഞ്ചായത്ത്, സാക്ഷരതാ ഭവൻ, മലപ്പുറം-676 505. ഫോൺ : 0483-2734670
11. കോഴിക്കോട് : ജില്ലാ സാക്ഷരതാമിഷൻ, ജില്ലാ പഞ്ചായത്ത് ഭവൻ, കോഴിക്കോട്-20. ഫോൺ : 0495-2370053
12. വയനാട് : ജില്ലാ സാക്ഷരതാമിഷൻ, സിവിൽ സ്റ്റേഷൻ, കൽപ്പറ്റ, വയനാട്-673 122. ഫോൺ : 0493-6202091
13. കണ്ണൂർ : ജില്ലാ സാക്ഷരതാമിഷൻ, ജില്ലാ പഞ്ചായത്ത് ഓഫീസ്, കണ്ണൂർ-670 002. ഫോൺ : 0497-2707699
14. കാസറഗോഡ് : ജില്ലാ സാക്ഷരതാമിഷൻ, ജില്ലാ പഞ്ചായത്ത്, വിദ്യാനഗർ.പി.ഒ, കാസറഗോഡ്-671 123. ഫോൺ : 04994-255507